POLICE DEPARTMENT

KERALA

**No. B6-59558/2021/TC**
City Police Office,
Thiruvananthapuram
✉cptvm.pol@kerala.gov.in
✆04712320579
Dated. 12-10-2021

**പരസ്യം**

തിരുവനന്തപുരം ഭക്തിവിലാസം പോലീസ് ക്വാർട്ടേർസിൽ ഡിവൈഎസ്പി മാർക്കുള്ള ക്വാർട്ടേർസ് നിർമിക്കുന്നതുമായി ബന്ധപ്പെട്ട് ടി പരിസരത്ത് നിൽക്കുന്ന രണ്ട് പ്ലാവ്, അഞ്ച് മാവ്, ഒരു മഴമരം എന്നിവ മുറിച്ച് മാറ്റിക്കൊണ്ടു പോകുന്നതിനായുള്ള ലേലം ടി പരിസരത്ത് വച്ച് **26/10/2021** തീയതി രാവിലെ 11 മണിക്ക് നടത്തുന്നു.

ഈ ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നിരത ദ്രവ്യമായി **8,550/-** രൂപ (എട്ടായിരത്തി അഞ്ഞൂറ്റി അൻപത് രൂപ) ലേല സ്ഥലത്തു അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്. ലേലം കൊണ്ട വ്യക്തി സ്വന്തം ചിലവിൽ മരങ്ങൾ മുറിച്ച് മാറ്റിക്കൊണ്ടു പോകേണ്ടതാണ്.

ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കഴിച്ച് ലേല സംഖ്യയും ലേല തുകയുടെ **5%** വനവികസന നികുതിയും വനവികസന നികുതിയുടെയും ലേലതുകയുടെയും **18%** ജി എസ് റ്റി യും മറ്റ നിയമാനുസൃത നികുതികളും കൂടി അടയ്ക്കേണ്ടതാണ്. വനവികസന നികുതിയായി ഈടാക്കുന്ന തുക "**0406-01-101-96-00-FDT**" എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് '**0101-250-020**' ആയി സർക്കാർ ഖജനാവിൽ ചെല്ലാൻ മുഖാന്തരം ഒടുക്കി ഒറിജിനൽ രസീത് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം ആഫീസിലേയ്ക്ക് അയച്ചു കൊടുക്കുന്നതാണ്.

മേൽ പ്രസ്താവിച്ച ലേല വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം അസ്ഥിരപ്പെടുത്തുന്നതും പുനർലേലം ചെയ്യുന്നതുമായിരിക്കും. ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിനത്തിൽ രാവിലെ 11 നും വൈകീട്ട് 4 നും ഇടയ്ക്കുള്ള സമയങ്ങളിൽ കമാണ്ടൻറ് ഓഫീസറുടെ സാന്നിധ്യത്തിൽ ലേലം ചെയ്യുന്ന മരം പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിക്ക് നിക്ഷിപ്തമായിരിക്കും.

Mohammed Arif P A
Deputy Commissioner of Police
For Inspector General & Commissioner of Police

To : ബോർഡ് അംഗങ്ങൾക്ക് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.

Copy To : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ബറ്റാലിയൻ കമാണ്ടൻറ്റമാർക്കും അറിവിലേയ്ക്കും വ്യാപക

പരസ്യത്തിനുമായി / എസ് എച്ച് ഒ മാർക്ക് തദ്ദേശ നിവാസികളിൽ വ്യാപക പരസ്യത്തിനായി / ജൂനിയർ സൂപ്രണ്ടു, ബഡ്ജറ്റ് ബ്രാഞ്ച് / ക്യാഷ്യർ സി പി ഒ / ക്യാഷ്യർ ഏ ആർ എന്നിവർക്ക് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി

Internal Administrative Processing System
iAPS
KERALA POLICE